ശ്രീ. രാധാകൃഷ്ണൻ നായർക്ക് ലഭിക്കാനുള്ള സർവ്വീസ് ആനുകൂല്യങ്ങൾ

7 (1081) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിൽ നിന്നും സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായി വിരമിച്ച ശ്രീ. രാധാകൃഷ്ണൻ നായരുടെ സർവ്വീസ് സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെയാണ് നൽകാനുള്ളതെന്നും ഇത് സംബന്ധമായ ഏതെല്ലാം ഫയലുകളാണ് നിലവിൽ ഉള്ളതെന്നും അറിയിക്കുമോ;

(ബി) ശ്രീ. ജി. രാധാകൃഷ്ണൻ നായർ കേരള യൂണിവേഴ്സിറ്റിയിൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷം എത്ര സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്; ഓരോ സ്ഥാനക്കയറ്റത്തിനുമനുസരിച്ചുള്ള സാമ്പത്തികാനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ , ഇല്ലെങ്കിൽ എന്താണ് തടസ്സമായിട്ടുണ്ടായിരുന്നത്;

(സി) ശ്രീ. ജി. രാധാകൃഷ്ണൻ നായർക്ക് എന്നാണ് സീനിയർ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായി പ്രൊമോഷൻ ലഭിച്ചിട്ടുള്ളത്; പ്രമോഷനുകൾക്ക് ശേഷം ലഭിക്കേണ്ട എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; പ്രസ്തുത പ്രൊമോഷനുകൾ ലഭിച്ചപ്പോൾ ശ്രീ. രാധാകൃഷ്ണൻ നായർക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട പരാതി പരിശോധിച്ച് കുടിശ്ശിക വിതരണം ചെയ്യുന്നതിന് കേരള യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പർ 25202/B.3/2013/ഉ. വി. അനുസരിച്ച് ശ്രീ. രാധാകൃഷ്ണൻ നായർക്ക് നൽകാനുള്ള ശമ്പള കുടിശ്ശിക കേരള യൂണിവേഴ്സിറ്റിയിൽ നിന്നും വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശത്തിൻമേൽ യൂണിവേഴ്സിറ്റി എന്ത് നടപടി സ്വീകരിച്ചു; പ്രസ്തുത കുടിശ്ശിക വിതരണം ചെയ്തിട്ടില്ലെങ്കിൽ ഇതിന് കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. രാധാകൃഷ്ണൻ നായരുടെ സർവ്വീസ് സംബന്ധമായ ആനുകൂല്യങ്ങളിൽ നിയമാനുസൃതമായി കൊടുക്കാൻ കഴിയുന്നവയെല്ലാം നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം മുൻകാല പ്രാബല്യം വച്ചു നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നീ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന്റെ സർവ്വീസ് കാലത്തെ കടിശ്ശിക നിലവിൽ ഉത്തരവുകൾ ഇല്ലാത്തതിനാൽ നൽകിയിട്ടില്ല. എന്നാൽ ടി പ്രൊമോഷൻ വഴി ലഭിച്ച ശമ്പള വർദ്ധനവ് പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയും ആയത് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ടിയാന് സർവ്വീസ് കാലയളവിൽ ക്ലറിക്കൽ അസിസ്റ്റന്റ്, അസിസ്റ്റന്റ്, മറ്റ് സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ എന്നിവയുടെ സാമ്പത്തിക ആനുകൂല്യങ്ങൾ യഥാസമയം നൽകിയിട്ടുണ്ട്. എന്നാൽ വിരമിച്ച ശേഷം മുൻകാല പ്രാബല്യം വച്ച നൽകിയ സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നീ തസ്തികകളിൽ സർവ്വീസ് കാലത്തേക്കുള്ള കടിശ്ശിക നൽകാൻ നിയമം അനുശാസിക്കാത്തതിനാൽ ആയത് നൽകിയിട്ടില്ല. എന്നാൽ ടി സ്ഥാനക്കയറ്റം പരിഗണിച്ച് പെൻഷനും മറ്റ് ആനുകൂല്യങ്ങളും യഥാവിധി നൽകിയിട്ടുണ്ട്.

(സി) വിരമിച്ച ശേഷം മുൻകാല പ്രാബല്യം നൽകി കൊടുത്ത പ്രൊമോഷനുകളുടെ കടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചുവരുന്നു.

(ഡി) നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സർവ്വകലാശാല സ്ഥാപിക്കരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

എൽ.എൽ.എം. കോഴ്സിന്റെ കാലാവധി

8.(1082) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ എൽ.എൽ.എം. കോഴ്സിന്റെ പഠന കാലാവധി നിലവിൽ എത്ര വർഷമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സിന്റെ പഠന കാലാവധി 2015-16 മുതൽ ഒരു വർഷം ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ട് വർഷം (നാല് സെമസ്റ്റർ)

(ബി) രണ്ടുവർഷം കാലാവധിയുള്ള എൽ.എൽ.എം. കോഴ്സിന്റെ കാലാവധി ഒരു വർഷമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കേരള സർവ്വകലാശാലയുടെ നിയമ വകുപ്പിൽ 2015 അഡ്മിഷൻ മുതൽ എൽ.എൽ.എം. കോഴ്സിന്റെ പഠന കാലാവധി ഒരു വർഷമാണ്.

LIBRARY ARCHIVES Kerala Legislative Assembly